# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ഡോ.പി.പുകഴേന്തി ഐ.എഫ്.എസ്)

വിഷയം :- പിന്നാക്ക വിഭാഗ വികസനം - വകുപ്പിൽ ഈ-ഗവേണൻസ് സംബന്ധമായ വിഷയങ്ങൾ ഏകോപിക്കുന്നതിന് നോഡൽ ഓഫീസർ മാരെ നിയമിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- സർക്കാർ കത്ത് നമ്പർ. ഐ.ടി സെൽ-1/22/2017/ഐ.റ്റി.ഡി തീയതി: 05.05.2017.

.....................................................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/2679/2016 (1)** തീയതി: **14/06/ 2017**

.....................................................................................................................................

ഇ-ഗവേണൻസ് സംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർ (ഇ-ഗവേണൻസ്-അഡ്മിനിസ്ട്രേഷൻ), നോഡൽ ഓഫീസർ (ഇ-ഗവേണൻസ്-പ്രോജക്ട്സ്) ആയി നിയമിക്കണമെന്ന് പരാമർശ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിലെ ഇ.ഗവേണൻസ് സംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി നോഡൽ ഓഫീസർ (ഇ-ഗവേണൻസ്-അഡ്മിനിസ്ട്രേഷൻ) ആയി എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. ഷിബു.ആർ-നെയും, നോഡൽ ഓഫീസർ (ഇ-ഗവേണൻസ്-പ്രോജക്ട്സ്) ആയി എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ശ്രീജിത്ത്.പി.വി-യെയും നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ബന്ധപ്പെട്ട ജീവനക്കാർ കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കനുസരണമായി വകുപ്പിലെ ഇ-ഗവേണൻസ് സംബന്ധമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്;-

1. സെക്രട്ടറി, ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി (ഐ.ടിസെൽ) വകുപ്പ് (ഉപരിപത്രം സഹിതം)
2. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്.